# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം11/2504/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം11/2504/2022 തീയ്യതി: 07/12/2022

## മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-11-2021 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൾ സത്താർ സി പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എ പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ റഷീദ് വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന വിസി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജമീല ചാലിയത്തൊടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.താഹിറ എൻ കെ | സെക്രട്ടറി ഇൻ ചാർജ് | 01-04-2021 | 05-04-2021 |
| ശ്രീ. ഷറഫുദ്ധീൻ ഇ | സെക്രട്ടറി | 06-04-2021 | 08-08-2021 |
| ശ്രീമതി.താഹിറ എൻ കെ | സെക്രട്ടറി ഇൻ ചാർജ് | 09-08-2021 | 16-08-2021 |
| ശ്രീ. ഷറഫുദ്ധീൻ ഇ | സെക്രട്ടറി | 17-08-2021 | 10-09-2021 |
| ശ്രീമതി.താഹിറ എൻ കെ | സെക്രട്ടറി ഇൻ ചാർജ് | 11-09-2021 | 03-10-2021 |
| ശ്രീ. ഷറഫുദ്ധീൻ ഇ | സെക്രട്ടറി | 04-10-2021 | 07-11-2021 |
| ശ്രീമതി.താഹിറ എൻ കെ | സെക്രട്ടറി ഇൻ ചാർജ് | 08-11-2021 | 11-11-2021 |
| ശ്രീ. ഷറഫുദ്ധീൻ ഇ | സെക്രട്ടറി | 12-11-2021 | 20-12-2021 |
| ശ്രീമതി.താഹിറ എൻ കെ | സെക്രട്ടറി ഇൻ ചാർജ് | 21-12-2021 | 22-12-2021 |
| ശ്രീ രാജേഷ് കുമാർ എസ് | സെക്രട്ടറി | 23-12-2021 | 31-03-2022 |
| ശ്രീമതി.നസ്മി അബ്ദുൾ ഖാദർ ടി.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലൈല കരുമാരതൊടിക | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ഫുഹാദ് കോഴിസ്സൻ | മെഡിക്കൽ ഓഫീസർ പി എച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി. ബേനസീർ | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീ അമൽ ഇ ആർ | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. സബീന | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സജിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 26-09-2021 |
| ശ്രീമതി ദിവ്യ എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 27-09-2021 | 31-03-2022 |
| ശ്രീമതി ജ്യോതിർമയി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. അബ്ദുൽ ജലീൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.താഹിറ എൻ കെ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം - അപാകതകൾ. | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപെൻഷൻ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്ക് അപാകതകൾ | 1-11 |
| 13 | രശീതി ബുക്ക്-സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ | 1-12 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-13 |
| 15 | പി.എച്ച്.സി ലേക്ക് മരുന്ന് വാങ്ങൽ-55511/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-14 |
| 16 | പരിരക്ഷാ പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-15 |
| 17 | ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല | 1-16 |
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-17 |
| 19 | കുഴൽ കിണർ നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-18 |
| 20 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. | 1-19 |
| 21 | സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല. | 1-20 |
| 22 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 1-21 |
| 23 | തനത് ഫണ്ടിൽ നിന്നും ക്രമവിരുദ്ധമായി പിൻവലിച്ച തുക തിരികെ നിക്ഷേപിക്കേണ്ടതാണ്. | 1-22 |
| 24 | വൈദ്യുതി ലൈൻ ത്രീഫേസാക്കൽ - ചെലവ് മാർഗ്ഗരേഖാ വിരുദ്ധം. | 1-23 |
| 25 | ജൈവവള വിതരണം - അധിക ചെലവ്. | 1-24 |
| 26 | വാട്ടർ ടാങ്ക് വിതരണം-GST-TDS കുറവു ചെയ്തിട്ടില്ല. | 1-25 |

| | | |
|---|---|---|
| 27 | പഞ്ചായത്ത് ഓഫീസിന്റെ മുകളിൽ എം.സി.എഫ് കെട്ടിട നിർമ്മാണം - മുകളിലേക്ക് കോണി നൽകാത്തതിനാൽ ഉപയോഗപ്രദമായിട്ടില്ല | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 22.2.2021 ലെ തീരുമാനം (1) | 16.3.2022ലെ 1(2) തീരുമാനം |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 29.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27597177 |
| വരവ് | 101636637 |
| ആകെ | 129233814 |
| ചെലവ് | 93811004 |
| നീക്കിയിരിപ്പ് | 35422810 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18924641 | 18924641 | 18919057 | 5584 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10123630 | 10123630 | 10123630 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Untied) | 0 | 4624300 | 4624300 | 4085784 | 538516 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 10492331 | 10492331 | 4207234 | 6285097 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 21445131 | 21445131 | 5963412 | 15481719 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7300208 | 7300208 | 4235010 | 3065198 |
| ബി ഫണ്ട് | 0 | 70794500 | 70794500 | 70794500 | 0 |

### 1-4-1 ഗ്രാന്റ് വിനിയോഗം - അപാകതകൾ.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് പത്രിക പ്രകാരം. | | | എ.സി.ആർ പ്രകാരം. | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കി ബാക്കി. | വരവ് | ചെലവ് | നീക്കി ബാക്കി. |
| വികസന ഫണ്ട് (ജനറൽ) | 18924641 | 21304954 | (-)2380313 | 18924641 | 18919057 | 5584 |
| വികസന ഫണ്ട് (എസ്.സി.പി) | 10123630 | 10210000 | (-)86370 | 10123630 | 10123630 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 118645793 | 198 | 75603380 | 15 | 37 | 79.2% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11859 | 639425 | 651284 | 320310 | 330974 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17279785 | 17279785 | 17279785 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 9046000 | 564 |
| വിധവാപെൻഷൻ | 22398400 | 1376 |
| വാർദ്ധക്യകാലപെൻഷൻ | 29418900 | 2015 |
| വികലാംഗപെൻഷൻ | 7558000 | 488 |
| വിവാഹ ധനസഹായം | 690000 | 23 |
| 50 വയസ്സിന മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1683200 | 111 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2022 ന് 03.15 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3536/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

1). GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജെക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി പ്രോജെക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2). കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയ്ക്കും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല. പർചെയ്സ് ചെയ്ത ഉപകരണങ്ങളുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3). ജി.ഒ(എം.എസ്)നമ്പർ. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ തൻവർഷം മിക്ക വർക്കിംഗ് ഗ്രൂപ്പുകളും എല്ലാം ഒരു തവണ യോഗം ചേർന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

4) അസിസ്റ്റന്റ് എഞ്ചിനീയർ TR-7A ക്യാഷ്ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും പ്രതിമാസ , വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല. ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

5) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58

(4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2022-22.06.2022 | 01/2022-05/2022 | 17.08.2022 |
| എ.ജി ഓഡിറ്റ് | 13-12-2007 | 1997-98 മുതൽ 2006-07 വരെ | 25-08-2008 |

## 1-11 വാർഷിക കണക്ക് അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) Sale Of Tender Form ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 359430/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

3) 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ-ചട്ടം 62 E,F എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4) B4 ൽ Beneficiary Contribution ഇനത്തിൽ 13490/- രൂപ അവശേഷിക്കുന്നുണ്ട്. ആയത് 2019-20 വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ 53/20 പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതാണ്. ആയത് ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകിയിട്ടില്ല.

5)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)4 പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ. Schedule B-1, Schedule B-9)

6)ചട്ടം 62(3) പ്രകാരം, എല്ലാ വർഷങ്ങളിലും സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. ആയത് ഉൾപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.4/17-10-2022 ) അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 രശീതി ബുക്ക്-സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ജീവനക്കാർക്ക് വിതരണം ചെയ്യുന്ന രശീതിബുക്കുകളുടെ സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. രശീതിബുക്കുകൾ ജീവനക്കാർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇഷ്യൂ ചെയ്ത തിയതി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ കൈപറ്റുന്ന ഉദ്യോഗസ്ഥർ കൈപറ്റിയ തിയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. 8661,8664 എന്നീ രശീതി ബുക്കുകൾ ജീവനക്കാർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് കൈപറ്റിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 6/17.10.2022) ക്രമനമ്പർ 2 പരിഹരിച്ച് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 1 ലെ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിൽ കൃത്യത ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ

ജോലിയിലോ ഏർപ്പെട്ടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമല്ല.

ഇത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും നിലവിലും കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ എത്ര കരാറുകാർ ഉണ്ടെന്നും അവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (6/17.10.2022) ക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. നികുതി അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 പി.എച്ച്.സി ലേക്ക് മരുന്ന് വാങ്ങൽ-55511/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | പി എച് സി യിലേക്ക് മരുന്ന് വാങ്ങൽ [80/22] |
| ഫണ്ട്/അടങ്കല് | നോൺ റോഡ്/650000/- |
| ചെലവ്/ വൗച്ചർ നമ്പർ | Rs. 500000/-, BRN No.21150352037000908053/ Date08.01.22 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (PHC) |

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം പി എച്ച് സി -യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 500000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 444489/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. 55511/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prf Inv PRF4535/31 /12.2021 | 500000 | Inv No.14430/05.03.2022 | 53629 |
| | | | Inv No.14432/05.03.2022 | 65694 |
| | | | Inv No.14435/05.03.2022 | 21118 |
| | | | Inv No.14436/05.03.2022 | 88055 |
| | | | Inv No.302/16.04.2022 | 88055 |
| | | | Inv No.626/20.04.2022 | 5482 |
| | | | Inv No.4171/10.06.2022 | 28639 |
| | | | Inv No.8868/22.08.2022 | 83652 |

| | | | |
|---|---|---|---|
| | | Inv No.12044/24.09.2022 | 10165 |
| ആകെ | 500000 | ആകെ | 444489/- |

അവശേഷിക്കുന്ന 55511/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി( 10 /18-10-22)ക്ക് മരുന്ന് സ്റ്റോക്ക് ഇല്ലാത്തിനാലാണ് ലഭ്യമാകാത്തത് എന്നറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-15 പരിരക്ഷാ പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | പരിരക്ഷാ പാലിയേറ്റീവ് കെയർ പരിപാടി [05/22] |
| ഫണ്ട്/അടങ്കല് | പൊതുവിഭാഗം 343760<br>നോൺ റോഡ് 1092600/- |
| ആകെ ചെലവ് | 1436360/- |
| മരുന്ന് വാങ്ങുന്നതിനായി KMSCL ന് നൽകിയ തുക | 99214/- BRN 21150352037000353709/27.08.2021<br>400000/- BRN 21150352037000908066/08.01.2022<br>108609/- BRN 21150352037001096643/10.02.2022<br>137290/- BRN 21150352037001300827/ 11.03.2022<br>ആകെ – 745113 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (PHC) |

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് ഭാഗമായി പരിരക്ഷാ പാലിയേറ്റീവ് കെയർ പരിപാടിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 745113/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 644082/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. 101031/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | Prf Inv PRF4591/01.01.2021 | 400000 | Inv No.15066/17.03.2022 | 70528 | 97450/- |
| | | | Inv No.299/16.04.2022 | 5129 | |
| | | | Inv No.614/20.04.2022 | 13564 | |
| | | | Inv No.621/20.04.2022 | 88055 | |
| | | | Inv No.4160/10.06.2022 | 58621 | |
| | | | Inv No.8422/11.08.2022 | 48694 | |
| | | | Inv No.8862/22.08.2022 | 15227 | |
| | | | Inv No.11779/21.09.2022 | 2732 | |
| | | | ആകെ | 302550/- | |

| | | | | | |
|---|---|---|---|---|---|
| 2 | Prf Inv PRF5230/29.01.2021 | 108609 | Inv No.15122/21.03.2022 | 100394 | 2223/- |
| | | | Inv No.12186/26.09.2022 | 5992 | |
| | | | ആകെ | 106386 | |
| 3 | Prf Inv PRF6122/23.02.2021 | 137290 | Inv No.3985/08.06.2022 | 79303 | 1356/- |
| | | | Inv No.5110/28.06.2022 | 14145 | |
| | | | Inv No.6047/13.07.2022 | 42486 | |
| | | | ആകെ | 135934 | |
| 4 | Prf Inv PRF1494/03.08.2021 | 99214 | Inv No.2535/17.09.2021 | 32957 | 2 |
| | | | Inv No.2536/17.09.2021 | 46932 | |
| | | | Inv No.2544/20.09.2021 | 5992 | |
| | | | Inv No.2565/24.09.2021 | 11287 | |
| | | | Inv No.2701/13.11.2021 | 2044 | |
| | | | ആകെ | 99214 | |
| | ആകെ | 745113/- | ആകെ ലഭ്യമായ മരുന്ന് | 644082 | |
| | | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് | | 101031 |

അവശേഷിക്കുന്ന 1,01,031/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/19.10.2022 ) മരുന്ന് സ്റ്റോക്കില്ലാത്തതിനാലാണ് ലഭ്യമാകാതിരുന്നതെന്ന മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 3476076/- രൂപ പവിഴം ന്യൂട്രിമിക്സ് യൂണിറ്റ് ഉവ്വൂർ എന്ന കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.ന്യൂട്രിമിക്സ് വിതരണം - ജി എസ് ടി -ടി ഡി എസ് ഈടാക്കിയില്ല .

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/തിയ്യതി | വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|---|
| 1 | 52/22 | BRN | പവിഴം | 7/30.06.2021 | 278388/- |

| | | | | | |
|---|---|---|---|---|---|
| | അംഗനവാടി പോഷകാഹാര വിതരണം എസ് സി | 21150352037200252307 /28.07.2021 | ന്യൂട്രിമിക്സ് യൂണിറ്റ് ഉവ്വൂർ | | |
| | | | | 2/05.05.2021 | 226144/- |
| | | | | 5/31.05.2021 | 249121/- |
| 2 | 193/22(SO) അംഗനവാടി പോഷകാഹാര വിതരണം | BRN 21150352037200140745 /23.06.2021 | പവിഴം ന്യൂട്രിമിക്സ് യൂണിറ്റ് ഉവ്വൂർ | 16/31.12.20 | 342916 |
| 3 | 49/22അംഗനവാടി പോഷകാഹാര വിതരണം | BRN 21150352037200140739 /23.06.2021 | പവിഴം ന്യൂട്രിമിക്സ് യൂണിറ്റ് ഉവ്വൂർ | 18/29.01.21 | 345321 |
| | | | | 20/26.02.21 | 208088 |
| | | | | 21/23.03.21 | 222888 |
| | | BRN 211503520372001419039 /17.09.2021 | | 13/01.09.2021 | 313279 |
| | | | | 10/28.07.2021 | 316387 |
| | | BRN 21150352037200612437 /06.11.2021 | | 15/04.10.2021 | 306804 |
| | | Cheque No. 411146/16.02.2022 | | 18/30.11.2021 | 245532 |
| | | | | 20/27.12.2021 | 213564 |
| | | | | 16/30.10.2021 | 207644 |
| | ആകെ | | | | 3476076 |

2. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല .

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത പവിഴം ന്യൂട്രിമിക്സ് യൂണിറ്റ് ഉവ്വൂർ സ്ഥാപത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെയും ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

3) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല .

വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരമുള്ള പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാതകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി(16/19.10.22)ക്ക് TDS രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ടി ഡി എസ് ഈടാക്കാതിരുന്നതെന്നും 22-23 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

കൂടാതെ ന്യൂട്രിമിക്സ് വിതരണ യൂണിറ്റിനെ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങിക്കുന്നതാണെന്നും ന്യൂട്രിമിക്സ് 2022 ജൂൺ മുതൽ പരിശോധന നടത്തുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. ന്യൂട്രിമിക്സ് പരിശോധന കൃത്യമായി നടത്തുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്

## 1-17 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി, ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന

ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ചട്ട പ്രകാരം ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.14/19.10.2022) അടുത്ത ഭരണ സമിതി യോഗത്തിൽ അജണ്ട വെച്ച് തീരുമാനമെടുക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ദുരിതാശ്വാസ നിധി രൂപീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 കുഴൽ കിണർ നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പാക്കിയ പട്ടിക്കാട്, മുള്ള്യാകുർശ്ശി സൗത്ത്, മുള്ള്യാകുർശ്ശി നോർത്ത്, പറമ്പൂർ, നെന്മിനി വെസ്റ്റ് വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം(പ്രൊജക്ട് നമ്പർ.155/22) എന്ന ഡിപ്പോസിറ്റ് വർക്കിന്റെ ഭാഗമായി താഴെ പറയുന്ന കുഴൽ കിണർ നിർമ്മാണങ്ങൾക്കായി 1,17,322/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | കണ്ണ്യാല കൊളക്കംപാറ കുഴൽ കിണർ നിർമ്മാണം. | 22101261 / 31.03.2022 | 65,756/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 2 | മണ്ണാർമല ജംഗ്ഷൻ കുഴൽ കിണർ നിർമ്മാണം. | 22101261 / 31.03.2022 | 51,566/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ആകെ | | 1,17,322/- രൂപ |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.7/18.10.2022) പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-19 ഡയാലിസിസ് രോഗികൾക്ക് ധനസഹായം - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 290/22 |
| പേര് | : | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| അടങ്കൽ തുക (₹) | : | 1,44,000/- (തനത് ഫണ്ട്) |
| ചെലവ് (₹) | : | 1,28,000/- (വൗച്ചർ നം. 22101045/02.03.2022) |

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലെ നം. 1461/22 - ഡയാലിസിസ് രോഗികൾക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ 16 ഗുണഭോക്താക്കൾക്ക് ഒരു മാസത്തിന് 2000/- രൂപ തോതിൽ 4 മാസത്തേക്കുള്ള വിഹിതമായ 1,28,000/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം (ജി.3-2463/2022 തീയതി.02.08.2022) പ്രകാരം 48,000/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ബാക്കി 80,000/- രൂപ വിനിയോഗിക്കുകയോ, തുക തിരികെ ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.15/19.10.2022) ഗ്രാമപഞ്ചായത്ത് നൽകിയ തുക ജില്ലാ പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൌണ്ടിലേക്കാണ് കൈമാറിയിരുന്നതെന്നും ബാക്കി തുക 86/2021/fin Dt:30.09.2021 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 31.03.2022 ന് സർക്കാരിലേക്ക് തിരിച്ചെടുത്തു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ പിൻവലിച്ച തുക തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല.

സ.ഉ (സാധാ) 626/21/ത.സ്വ.ഭ.വ തീയതി 26.2.2021 നമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസംബർ മുതലുള്ള മാസങ്ങളിലെ ഹോണറേറിയം ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്ന് നൽകുന്നതിന ഉത്തരവായിട്ടുണ്ട്. തുക പിന്നീട് സാക്ഷരതാ മിഷൻ തിരികെ നൽകുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 22100042/05.4.2021 പ്രകാരം 2020 ഡിസംബർ, 2021 ജനവരി, ഫെബ്രുവരി മാസങ്ങളിലെ ഹോണറേറിയമായ 26,800 രൂപയും, വൗച്ചർ നമ്പർ 22100249/29.06.2021 പ്രകാരം 2021 മാർച്ച് മാസത്തെ ഹോണറേറിയമായ 10,000 രൂപയും പൂന്താവനം തുടർവിദ്യാകേന്ദ്രം സാക്ഷരതാ പ്രേരകിന നൽകിയിട്ടുണ്ട്. ആയത് റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിന നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.20/19.10.2022) തുക തിരികെ ലഭിക്കുന്നതിന് ജില്ലാ സാക്ഷരതാ മിഷന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-21 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

തനത് ഫണ്ടിൽ നിന്നും താഴെ പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | ചെലവിന്റെ വിവരം | അപാകതകൾ |
|---|---|---|---|---|
| 1 | 22100875/05.01.2022 | 6,000/- രൂപ | മരക്കാരംപാറ അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് Railway NOC ലഭിക്കുന്നതിനുള്ള ഫീസ് തുക | NOC ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമായിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ചെലവ് തുക തടസ്സം ചെയ്യുന്നു. |
| 2 | 22100301/05.07.2021 | 42,735/- രൂപ | പ്രൊജക്റ്റ് നമ്പർ.149/22, 150/22, 153/22, 154/22, 155/22, 156/22 എന്നിവ പ്രകാരം 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുന്ന 19 കുഴൽ കിണറുകളുടേയും 2 തുറന്ന കിണറുകളുടേയും നിർമ്മാണത്തിന് (ഒരു കിണറിന് 2,035/- രൂപ നിരക്കിൽ) ഭൂജല സർവ്വേ നടത്തുന്നതിനുള്ള സർവ്വെ ചാർജ് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയ തുക. | പ്രൊജക്റ്റ് നമ്പർ. 155/22 പ്രകാരമുള്ള രണ്ട് കുഴൽ കിണറുകളുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാകുകയും അവയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 19 കിണറുകളുടെ ടെസ്റ്റ് റിപ്പോർട്ട് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 13 കിണറുകളുടെ ടെസ്റ്റ് റിപ്പോർട്ട് ഹാജരാക്കി. 6 കിണറുകളുടെ റിപ്പോർട്ടുകൾ കൂടി ലഭിക്കുന്നത് വരെ 12,210/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. |
| 3 | 22100530/10.09.2021 | 7,164/- രൂപ | ഇല്ലത്ത് കോളനി നടപ്പാത – ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ് അടവാക്കിയ തുക. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | ലഭിക്കുന്നതിന് കെ.എസ്.ഇ.ബി കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. |

(എൻക്വയറി നമ്പർ.9/18.10.2022 & 22/18.10.2022)

## 1-22 തനത് ഫണ്ടിൽ നിന്നും ക്രമവിരുദ്ധമായി പിൻവലിച്ച തുക തിരികെ നിക്ഷേപിക്കേണ്ടതാണ്.

ഡിസംബർ 7 പതാകദിനത്തോടനുബന്ധിച്ച് 10 രൂപ വിലവരുന്ന 42 പതാകകൾ ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും ലഭിച്ചിരുന്നു. ഈ പതാകൾ വിതരണം ചെയ്ത് ലഭിക്കുന്ന തുക സൈനിക ക്ഷേമ ഓഫീസിൽ അടവാക്കേണ്ടതിന് പകരം 420/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ചാണ് (വൗച്ചർ നമ്പർ.22100780/10.12.2021) അടവാക്കിയിട്ടുള്ളത്. പതാകകൾ വിതരണം ചെയ്യാതെ വൗച്ചറിന്റെ കൂടെ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.8/18.10.2022) തുക തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. തുക തനത് ഫണ്ടിൽ തിരികെ നിക്ഷേപിച്ച് അറിയിക്കേണ്ടതാണ്.

## 1-23 വൈദ്യുതി ലൈൻ ത്രീഫേസാക്കൽ - ചെലവ് മാർഗ്ഗരേഖാ വിരുദ്ധം.

| | |
|---|---|
| പദ്ധതി നമ്പർ | : 238/22 |
| പേര് | : അരീച്ചോല മദ്രസപ്പടി കുന്നത്ത്പാറ റോഡ് ത്രീഫേസ് ലൈനാക്കി മാറ്റൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി |
| അടങ്കൽ തുക (₹) | : 2,25,157/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : 2,13,500/- |
| ബിൽ നമ്പർ / തീയതി | : 21150352004700511247 തീയതി.12.10.2021 |

മേൽ പ്രൊജക്റ്റ് പ്രകാരം വൈദ്യുതി ലൈൻ ത്രീഫേസ് ആക്കുന്നതിന് കെ.എസ്.ഇ.ബിയിൽ 2,13,500/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.11/2018/തസ്വഭവ തി.29.01.2018) ഖണ്ഡിക 7.5 പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് അനുമതിയുണ്ടെങ്കിലും ത്രീഫേസ് ആക്കുന്നതിന് അനുമതിയില്ലാത്തതാണ്.

സർക്കാർ അനുമതിയില്ലാതെ വൈദ്യുതി ലൈൻ ത്രീഫേസ് ആക്കൽ പ്രവൃത്തിക്കു വേണ്ടി തുക നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.21/19.10.2022) മഞ്ചേരിത്തൊടി എസ്.സി കോളനിയിലെ 16 വീടുകളും ഈ പ്രദേശത്താണെന്നും, ഈ പ്രദേശത്തുകാരുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക എന്ന ഉത്തമ താൽപ്പര്യം പരിഗണിച്ചാണ് പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക എന്നുള്ളത് കെ.എസ്.ഇ.ബി യുടെ ചുമതലയായതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. കെ.എസ്.ഇ.ബി.യുടെ ചുമതലയിൽ വരുന്ന പ്രവൃത്തിക്ക് സർക്കാർ അനുമതി ലഭ്യമാക്കാതെ ചെലവ് ചെയ്തത് ക്രമ വിരുദ്ധമാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-24 ജൈവവള വിതരണം - അധിക ചെലവ്.

| | |
|---|---|
| പദ്ധതി നമ്പർ | : 51/22 |
| പേര് | : തെങ്ങ് കൃഷി വികസനം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : കൃഷി ഓഫീസർ |
| അടങ്കൽ തുക (₹) | : 12,48,750/- (വികസനഫണ്ട് - ജനറൽ) |
| ചെലവ് (₹) | : 12,48,750/- |

| | |
|---|---|
| ബിൽ നമ്പർ / തീയതി | : 211503520368009266 25 / 11.01.2022 |

തെങ്ങ് കൃഷി വികസനം എന്ന പദ്ധതിയുടെ ഭാഗമായി കീഴാറ്റൂരിലെ ഹരിതം എക്കോ ഷോപ്പിൽ നിന്നും ന്യൂട്രിഫിഷ് എന്ന ജൈവവളവും കുമ്മായവും വാങ്ങി നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത് (ഇൻവോയിസ് നമ്പർ.013/27.12.2021) . ഇത് പ്രകാരം ഒരു കിലോയ്ക്ക് 19.20 രൂപ നിരക്കിൽ 75000 കിലോഗ്രാം ന്യൂട്രിഫിഷിന് 14,40,000/- രൂപ നൽകിയിട്ടുണ്ട്. 2021 – 22 സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പിലാക്കിയ സമാനമായ പ്രൊജക്റ്റിൽ (166/22 – തെങ്ങ് കൃഷി വികസനം) 40,625കിലോഗ്രാം ന്യൂട്രിഫിഷ് മത്സ്യ ഫെഡിൽ നിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്തപ്പോൾ കിലോഗ്രാമിന് 16.80 രൂപ മാത്രമാണ് വില വന്നിട്ടുള്ളത്. (ഇൻവോയിസ് നമ്പറുകൾ.FMPKZD/GST/00492 Dt.12.03.2021, FMPKZD/GST/00495 Dt.16.03.2021, FMPKZD/GST/00497 Dt.18.03.2021, FMPKZD/GST/00481 Dt.27.02.2021). മത്സ്യഫെഡിൽ നിന്നും ലഭ്യമായ ഇതേ ജൈവവളം എക്കോ ഷോപ്പ് വഴി വാങ്ങിയത് മൂലം ഒരു കിലോഗ്രാമിന് 2.40 രൂപ അധികം നൽകേണ്ടി വന്നത് വഴി 75000 കിലോഗ്രാമിന് 1,80,000/- രൂപ അധിക ചെലവുണ്ടായി. ഇതിന്റെ ഫലമായി 1,80,000/- രൂപയുടെ 75 ശതമാനമായ 1,35,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 45,000/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ കേരകർഷകരിൽ നിന്നും അധികം ചെലവഴിക്കേണ്ടി വന്നു. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.26/19.10.2022), സർക്കാർ ഉത്തരവനുസരിച്ച് രൂപീകൃതമായിട്ടുള്ള ഇക്കോ ഷോപ്പിൽ നിൽക്കുന്ന ആൾക്ക് എല്ലാ മാസവും 5,000/- രൂപ നിരക്കിൽ കൂലി നൽകേണ്ടതും ഇക്കോ ഷോപ്പിന്റെ മറ്റു ചെലവുകൾ നടന്നു പോവേണ്ടതും ഇക്കോഷോപ്പ് നിലനിന്നു പോവേണ്ടത് കീഴാറ്റൂർ പഞ്ചായത്തിലെ കർഷകരുടെ കൂടി ആവശ്യമാണെന്നും, വളത്തിന്റെ ഇറക്കുകൂലിയും ഹാൻഡിലിംഗ് ചാർജ്ജും വളം വിതരണത്തിന് വന്നേക്കാവുന്ന ചെലവുകളും കണക്കിലെടുത്താണ് തുക നിശ്ചയിച്ചിട്ടുള്ളതെന്നും ആയത് ഇക്കോഷോപ്പിന്റെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അധിക നിരക്കിൽ വാങ്ങിയത് പർച്ചേഴ്സ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 1-25 വാട്ടർ ടാങ്ക് വിതരണം-GST-TDS കുറവു ചെയ്തിട്ടില്ല.

1) Pro No. 56/22: SC കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്

അടങ്കൽ & ആകെ ചെലവ് : 4,96,736 ( 3,72,552 (DF-SCP) + 1,24,184 BC)

Bill No. 12273/27-11-21 Rs. 3,72,552

Ch. No. JM-5780008/29-11-21 Rs. 1,24,184

ഈ പദ്ധതി പ്രകാരം PG Enterprises, Thendukode, Vellayur (PO) എന്ന സ്ഥാപനത്തിൽ നിന്നും Invoice No. 16/24-11-21 പ്രകാരം 172 ടാങ്കുകൾ @ 2888 വാങ്ങിയിട്ടുണ്ട്.

അപാകതകൾ.

1) 2017 ലെ ചരക്ക സേവന നികുതി നിയമം വകുപ്പ് 51 പ്രകരം 1-10 -2018 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളില് 2 ശതമാനം ജി.എസ്.ടി TDS (1% CGST + 1% SGST) ചെയ്യേണ്ടതാണ്. 2% GST- TDS ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം കുറവു ചെയ്തിട്ടില്ല.

2) സ്റ്റോക്ക് വിവരം ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3) E - Bill Book പ്രിന്റൗട്ട് ഫയലിൽ ചേർത്തിട്ടില്ല.

4) പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 17/19-10-2022 & 23/19-10-2022എന്നിവ പ്രകാരം ഇക്കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തിയതിന്, അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് ഓഫീസിനു മുകളിൽ എം.സി.എഫ് കെട്ടിട നിർമ്മാണം - മുകളിലേക്ക് കോണി നൽകാത്തതിനാൽ ഉപയോഗപ്രദമായിട്ടില്ല

പദ്ധതി - 182/22, പഞ്ചായത്ത് ഓഫീസിനു മുകളിൽ എം.സി.എഫ് കെട്ടിട നിർമ്മാണം

സാങ്കേതികാനുമതി നം. - 97466/2020-21 Dt 16.02.2021, 1500000/-

കരാർ നം.- 13/AE/LSGD/KZTR/2020-21 Dt.29.10.2021 , 1198851.69/-

ചെലവ് തുക - 1256633/- (കേന്ദ്രാവിഷ്കൃതഫണ്ട്)

വൗച്ചർ നം. - 22101043/28.02.22, 1244067/-

22101044/28.02.22, 12566/-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിന്റെ പ്രധാന കെട്ടിടത്തിന്റെ ഓപ്പൺ ടെറസിൽ Half Wall കെട്ടി GI പില്ലറുകൾ സ്ഥാപിച്ച് Trafford ഷീറ്റ് മേയൽ , ഗ്രിൽ വർക്ക് എന്നിവ ഉൾപ്പെടുത്തി MCF കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നിലയുടെ മുകളിലാണ് MCF സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന് മുകളിലേക്ക് ശേഖരിച്ച വേസ്റ്റ് മെറ്റീരിയൽസ് എത്തിക്കുന്നതിന് പുറത്ത് നിന്നും കോണി നൽകിയിട്ടില്ല. ആയത് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടത്.

18.10.2022-ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ നിലവിൽ MCFകെട്ടിടം നാളിതുവരെ ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഹരിതകർമ സേന ശേഖരിച്ച പാഴ്വസ്തുക്കൾ ഓഫീസ് കെട്ടിടത്തിന് പിന്നിലും കൃഷി ഓഫീസിന്റെ സൈഡിലും വെറ്ററിനറി ഓഫീസിനു മുകളിലും കൂട്ടിയിട്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചു എന്ന് ഫയലിനൊപ്പമുള്ള മോണിറ്ററിംഗ് റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും പദ്ധതി അതിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/21-22/19.10.22) കേബിൾ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 2022-23വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് മറുപടി നൽകി. പദ്ധതി പൂർത്തീകരിച്ച് കെട്ടിടം പ്രയോജനപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 271779 | 08/22, നെൽകൃഷി വികസനം | 271779 | 0 |
| | 510000 | 69/22, കറവ പശു വിതരണം ജനറൽ | 510000 | 0 |

| | | | | |
|---|---|---|---|---|
| | 352000 | 75/22 ആട് വിതരണ പദ്ധതി | 352000 | 0 |
| | 200000 | 109/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 285000 | 120/22 അടുക്കള മുറ്റത്തെ കോഴി വളർത്തൽ | 285000 | 0 |
| | 649000 | 55/22വയോജനങ്ങൾക്ക് കട്ടില് | 649000 | 0 |
| | 513000 | 123/22ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 513000 | 0 |
| | 400000 | 43/22 ലൈഫ് ഭവന പദ്ധതി എസ് സി | 400000 | 0 |
| | 573095 | 219/22 ലൈഫ് ഭവന പദ്ധതി എസ് സി | 573095 | 0 |
| | 456000 | 251/22 ആട് വിതരണ പദ്ധതി എസ് സി | 456000 | 0 |
| ജില്ലാ പഞ്ചായത്ത് | 513000 | 123/22ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 513000 | 0 |
| | 2520000 | 43/22 ലൈഫ് ഭവന പദ്ധതി എസ് സി | 2520000 | 0 |
| | 1000000 | 219/22 ലൈഫ് ഭവന പദ്ധതി എസ് സി | 1000000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 155/22 പട്ടിക്കാട് മുള്ള്യാകുർശി നോർത്ത് പറമ്പൂർ നെന്മിനി വെസ്റ്റ് വെസ്റ്റ് വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | 22101261/31.03.22 | 117322 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 117322 |
| KSEB | 238/22അരിച്ചോല മദ്രസ്സപ്പടി കുന്നത്ത്പ്പാറ റോഡ് സബ്സെന്റർ നാട്ടുകൽ റോഡ് ത്രീഫേസ് ലൈനാക്കി മാറ്റൽ | 22101468/12.10.2021 | 213500 | 213500 | പൂർത്തീകരിച്ചു | 0 |

| | സ്ഥാപിക്കൽ | | | | | | |
|---|---|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് പദ്ധതി | ലഭ്യമല്ല | 0 | 3139927 | 1070667 | 0 | 2069260 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11778183 |
| തൻവർഷം നിക്ഷേപിച്ച തുക | 853921 |
| ആകെ | 12632104 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 12632104 |

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| പട്ടിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 11556190 | 13808-10.01.2022 |
| തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്ക് | 1075914 | 48060/14.03.2022 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3(21) | 450 | അനൂപ് കുമാർ, കൃഷി ഓഫീസർ. | 121230102441/03.12.2021 |
| 2017-18 | 2(2)2 | 2000 | ഉസ്മാൻ , ഡ്രൈവർ | 121230102478/08.12.2021 |
| 2017-18 | 2(2)1 | 1600 | ബീന, ദിവസവേതനം | 121230102507/09.12.2021 |
| 2011-12, 2012-13 | 2(1)c | 2168 | വാകശ്ശേരി അയ്യപ്പൻ | 121230102537/13.12.2021 |
| 2011-12, 2012-13 | 2(2) | 2674 | താഴത്ത് മുഹമ്മദ് നൌഷാദ് | 121230102548/13.12.2021 |
| 2011-12, 2012-13 | 2(1)A | 4604 | ബെന്നി തോമസ് | 121230102551/13.12.2021 |
| 2016-17 | 2(2)3 | 1200 | പൂന്താവനം ക്ഷീര സഹകരണ സംഘം. | 121230102605/16.12.2021 |

| | | | | |
|---|---|---|---|---|
| 2011-12, 2012-13 | 3(19) | 2250 | ഡോ.മുരളീധരൻ, പിഎച് സി | 121230102632/18.12.2021 |
| 2016-17 | 3(3) | 5261 | മുഹമ്മദ് വി , കൺവീനർ. അരീച്ചോല റോഡ് ടാറിംഗ്. | 121230102644/18.12.2021 |
| 2011-12, 2012-13 | 3(20) | 300 | അനൂപ് കുമാർ,കൃഷി ഓഫീസർ. | 121230102645/8.12.2021 |

വാർഷിക കണക്കിൽ RECOVERY FOR EMPLOYEES എന്ന ഹെഡിൽ 3000/- രൂപയാണ് വരവായി കാണിച്ചിരിക്കുന്നത്. എന്നാൽ രജിസ്റ്റർ പ്രാകരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 22507 /- രൂപ വരവുണ്ട്. അവശേഷിക്കുന്ന തുക മറ്റ് ഹെഡിൽ വരവുവന്നതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത് എന്ന് അറിയിച്ചു.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 3(8) | 2005-06 | വനിതാ സഹകരണ സംഘത്തിന് ധനസഹായം | നടപടികൾ തുടരുന്നു |
| 2001-02 | 3(11) | 2006-07 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് | നടപടികൾ തുടരുന്നു |
| 2001-02 | 3(3) | 2006-07 | അരിക്കണ്ടം പാക്ക് ചമ്രവട്ടം റോഡ് -മരാമത്ത് പണി- അധികം തുക നൽകി | നടപടികൾ തുടരുന്നു |
| 2001-02 | 3(4) | 2006-07 | കീഴാറ്റൂർ മണിയാണിനിക്കടവ് റോഡ് ടാറിങ്ങ് | നടപടികൾ തുടരുന്നു |
| 2006-07 | 2(4) | 2010-11 | മരാമത്ത് അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 96-97 | 12 | ശ്രീ. മുഹമ്മദ് ബഷീർ | LF 7905/ Spl.cell/SC1 /2000/01.07.2002 | 12848 | തുക അടവാക്കിയിട്ടില്ല. |
| 2 | 2002-03 | 3(3),3(4) | ശ്രീ.ദിവാകരൻ | LF 21218/ Spl.cell/SC5/05 31.8.09/10.9.09 | 98086 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല,2003-04 ലേത് ഉൾപ്പെടെ |
| 3 | 2003-04 | 3-25 | ശ്രീ.പി.ദിവാകർ | LF 19433/ Spl.cell/SC5/09 12/2010 | 37381 | DCRGയിൽ നിന്നും ഈടാക്കിയതായി അറിയിച്ചു,ഇനം തിരിച്ച വിവരം ലഭ്യമല്ല |
| 4 | 2007-08 | 3-10 | ശ്രീ.സി.ആർ.കൃഷ്ണകുമാർ | LF 17136/Sp. | 203846 | OP |

| | | | | | | |
|---|---|---|---|---|---|---|
| | | | | Cell/SC-D1/12 Dt. 24.10.14 | | 1128/11 ജില്ലാ കോടതി എറണാകുളം |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101636637 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93811004 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 356196 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 117322 | ശ്രീ. രാജേഷ് കുമാർ എസ്, സെക്രട്ടറി |
| 1-21 | 6000<br>12210<br>7164 | ശ്രീ. രാജേഷ് കുമാർ എസ്, സെക്രട്ടറി<br>ശ്രീ. ഷറഫുദ്ദീൻ ഇ,സെക്രട്ടറി<br>ശ്രീ. ഷറഫുദ്ദീൻ ഇ,സെക്രട്ടറി |
| 1-23 | 213500 | ശ്രീ. ഷറഫുദ്ദീൻ ഇ,സെക്രട്ടറി |
| ആകെ | 356196 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFM14/352/02 Dtd 14-2-2011 | 07 |
| 1997-98 | LFM110/777/2004 Dtd14-2-2011 | 36 |
| 1998-99 | LFM16/630/2006 Dtd14-2-2011 | 33 |
| 1999-2000 | LFM16/631/2006 Dtd14-2-2011 | 31 |
| 2000-2001 | LFM16/6327/2006 Dtd14-2-2011 | 39 |
| 2001-2002 | LFM16/907/2006 Dtd14-2-2011 | 14 |

| | | |
|---|---|---|
| 2002-2003 | LFM16/1236/2007 Dtd14-2-2011 | 29 |
| 2003-2004 | LFM16/1885/2007 Dtd14-2-2011 | 41 |
| 2004-2005 | LFM16/1896/2008 Dtd14-2-2011 | 18 |
| 2005-2006 | KSA.MPM11/335/2019 Dtd 13-05-19 | 3 |
| 2006-2007 | KSA MPM11/1391/2019(1) Dtd 14.10.19 | 15 |
| 2007-2008 | KSA MPM11/1391/2019(2) Dtd 18.10.19 | 6 |
| 2008-2009 | KSA MPM11/1391/2019 Dtd 31.10.19 | 9 |
| 2009-10 &2010-11 | KASMPM 11 /2388/2018/03.06.19 | 18 |
| 2011-12 & 2012-13 | KSAMPM 11/2205/2018/ Dtd 18.05.2019 | 23 |
| 2013-14 & 2014-15 | KSA/MPM11/1268/2018 Dtd 19.16.18 | 13 |
| 2015-16 | KSA/MPM(11)/1881/18 Dtd 14.05.19 | 9 |
| 2016-17 | KSA/MPM(11)/2010/2018/23.05.19 | 15 |
| 2017-18 | KSA/MPM(11)/225/2019/21-02-2019 | 15 |
| 2018-19 | KSA/MPM(11)/2570/2019/14-8-20 | 9 |
| 2019-20 | KSA/MPM11/914/22 Dt 01.09.2022 | 2 |
| 2020-21 | KSA/MPM11/913/22 Dt23-11-2022 | 6 |

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.11/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്